LIBRARY ARCHIVES Kerala Legislative Assembly

സാഹചര്യത്തിൽ മുഖ്യമന്ത്രി ഒരു അടിയന്തരയോഗം വിളിച്ചുകൂട്ടി ഈ യോഗത്തിൽ എടുത്ത തീരുമാനങ്ങൾ അനുസരിച്ച് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് പച്ചക്കറികൾ നിയമപ്രകാരം ശേഖരിച്ച് അവ കാർഷിക സർവ്വകലാശാലയുടെ പെസ്റ്റിസൈഡ് റെസിഡ്യൂ ടെസ്റ്റിംഗ് ലാബിൽ അയച്ച് പരിശോധന നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. ഇവിടെനിന്നും ലഭിക്കുന്ന പരിശോധനാ ഫലങ്ങളിൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം കീടനാശിനികളുടെ അളവ് കൂടുതലാണെങ്കിൽ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കാസർഗോഡ് ജില്ലയിൽ 2500 ഹെക്ടർ പ്രദേശത്ത് ജൈവ സർട്ടിഫിക്കേഷൻ, കമ്പോസ്റ്റ് യൂണിറ്റ്, മണ്ണിര കമ്പോസ്റ്റ് യൂണിറ്റ് പച്ചിലവള കൃഷി, പ്രദർശനത്തോട്ടം, ക്ലസ്റ്റർ അടിസ്ഥാനത്തിൽ ജൈവകൃഷി എന്നിവ നടപ്പിലാക്കി വരുന്നു. കൂടാതെ കോഴിക്കോട്, മലപ്പുറം, പാലക്കാട്, കണ്ണൂർ ജില്ലകളിൽ 2000 ഹെക്ടർ പ്രദേശത്ത് ജൈവ സർട്ടിഫിക്കേഷന് ധനസഹായം, ജൈവകൃഷി മണ്ണിര കമ്പോസ്റ്റ് യൂണിറ്റ് എന്നീ പദ്ധതികളും നടപ്പിലാക്കി വരുന്നു. എല്ലാ നിയോജക മണ്ഡലാടിസ്ഥാനത്തിലും പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പരിധികളിലും ബോധവത്ക്കരണ പരിപാടികൾ നടത്തുന്നുണ്ട്.

(സി) മിഷൻ 676-ന്റെ ഭാഗമായി വിള ആരോഗ്യ പരിപാലന പദ്ധതി 2013-14 മുതൽ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട 69 ബ്ലോക്കുകളിലെ 481 കൃഷി ഭവനുകളിലെ കീടരോഗ നിരീക്ഷണ യൂണിറ്റുകൾവഴി കർഷകർക്ക് കീടരോഗ നിയന്ത്രണത്തിന് ആവശ്യമായ സാങ്കേതിക ഉപദേശവും സഹായവും യഥാസമയം ലഭ്യമാക്കി വരുന്നതുമൂലം കീടനാശിനികളെ ആശ്രയിക്കുന്നത് ഒരു പരിധിവരെ നിയന്ത്രിക്കാൻ സാധിക്കുന്നുണ്ട്.

ഗ്രീൻ ഹൗസ് സാങ്കേതിക വിദ്യ ഉപയോഗിച്ച് ഹോർട്ടികൾച്ചർ വിളകളുടെ ഉല്പാദനം

251 (1691) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. പാലോട് രവി :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രീൻ ഹൗസ് സാങ്കേതിക വിദ്യ ഉപയോഗിച്ച് ഹോർട്ടികൾച്ചർ വിളകളുടെ ഉൽപ്പാദനത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയുമായി ആരെല്ലാമാണ് സഹകരിക്കുന്നത് ; വിശദീകരിക്കുമോ ;

(ഡി) പ്രസ്തുത പദ്ധതിവഴി ഉല്പാദനത്തിൽ പ്രകടമായ മുന്നേറ്റം ഉണ്ടായിട്ടുണ്ടോ എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. 2012-13 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് ഹൈടെക് കൃഷി വ്യാപകമാക്കുവാൻ ടി വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഹൈടെക് ഫാമിംഗ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ 400 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള പോളീഹൗസ് നിർമ്മിക്കുന്നതിന് ചെലവ് പ്രതീക്ഷിക്കുന്ന 3.74 ലക്ഷം രൂപയുടെ 75% തുകയായ 2.805 ലക്ഷം രൂപ ധനസഹായമായി നൽകി വരുന്നു. ഇതിൽ 1.87 ലക്ഷം രൂപ ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ വിഹിതവും 0.935 ലക്ഷം രൂപ സംസ്ഥാന വിഹിതവുമായാണ് നൽകിയിട്ടുള്ളത്.

2013-14 സാമ്പത്തിക വർഷത്തിലും പ്രസ്തുത പദ്ധതി തുടരുകയും 128000 ചതുരശ്ര മീറ്റർ പോളീഹൗസ് നിർമ്മിക്കുന്നതിനാവശ്യമായ 3 കോടി രൂപ വകയിരുത്തുകയും ചെയ്തു. ഇതിൻപ്രകാരം 400 മുതൽ 4000 ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള പോളീഹൗസ് നിർമ്മിക്കുന്നതിന് ചതുരശ്രമീറ്ററിന് ചെലവ് പ്രതീക്ഷിക്കുന്ന 935 രൂപയുടെ 75 % തുകയായ 701.25 രൂപ ധനസഹായമായി നൽകുന്നതാണ്. ഇതിൽ 50 ശതമാനം തുകയായ 467.50 രൂപ ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ വിഹിതവും 25 ശതമാനം തുകയായ 233.75 രൂപ സംസ്ഥാന വിഹിതവുമായാണ് നൽകുന്നത്. കൂടാതെ മുൻവർഷത്തിൽ നിന്നും നീക്കിയിരിപ്പുള്ള തുക വിനിയോഗിച്ചുകൊണ്ട് 400 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള 111 (ആകെ 44400 ചതുരശ്ര മീറ്റർ) പോളീഹൗസുകൾ നിർമ്മിക്കുവാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷത്തിൽ ഹൈടെക് പദ്ധതി നടത്തിപ്പിനായി ആകെ 9 കോടി രൂപ വകയിരുത്തുകയും ആയതിൽ പോളീഹൗസുകളുടെ നിർമ്മാണത്തിന് സംസ്ഥാന വിഹിതമായി 3 കോടി രൂപ (25 ശതമാനം)യും കേന്ദ്ര വിഹിതമായി (50 ശതമാനം) 6 കോടിരൂപയും വകയിരുത്തിയിട്ടുണ്ട്. സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ രാഷ്ട്രീയ വികാസ് യോജനയുടെ സാമ്പത്തിക സഹായത്തോടുകൂടി നടപ്പിലാക്കിയ നാച്യുറലി വെന്റിലേറ്റഡ് ടണ്ണലാർ സ്ട്രക്ചറിലെ ഹൈടെക് കൃഷി പദ്ധതി, സംസ്ഥാന സർക്കാർ 2012-13-ൽ നടപ്പിലാക്കിയ സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയും തെരഞ്ഞെടുക്കപ്പെട്ട കർഷകർക്ക് പരമാവധി 40 മുതൽ 4000

LIBRARY ARCHIVES Kerala Legislative Assembly

ചതുരശ്ര മീറ്റർ വരെയുള്ള പോളീഹൗസുകൾ നിർമ്മിക്കുന്നതിന് ചതുരശ്രമീറ്ററിന് ചെലവ് പ്രതീക്ഷിക്കുന്ന 935 രൂപയുടെ 50% തുകയായ 467.50 രൂപ ധനസഹായമായി നൽകുന്നു. സംസ്ഥാനത്ത് ഹൈടെക് കൃഷിയുടെ പ്രോത്സാഹനാർത്ഥം പോളീഹൗസുകൾ സ്ഥാപിക്കുന്നതിന് വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന് 2012-13 സാമ്പത്തിക വർഷം അനുവദിച്ച 54 ലക്ഷം രൂപ ഉപയോഗിച്ച് 500 ചതുരശ്ര മീറ്റർ വീതമുള്ള പോളീഹൗസുകൾ നിർമ്മിച്ചിട്ടുണ്ട്. പോളീഹൗസുകൾ നിർമ്മിക്കുവാൻ സന്നദ്ധരായ കർഷകർക്ക് 4.5 ലക്ഷം രൂപ അല്ലെങ്കിൽ മൊത്തം ചെലവിന്റെ 75 ശതമാനം സബ്സിഡിയായി നൽകിയിട്ടുണ്ട്.

(ബി) പദ്ധതിയുടെ ലക്ഷ്യങ്ങൾ താഴെ പറയുന്നതാണ്.

1. സംരക്ഷിത കൃഷി ഉപയോഗിച്ച് ഗുണനിലവാരമുള്ള കാർഷിക ഉല്പന്നങ്ങളുടെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുക.
2. ഉന്നതഗുണനിലവാരമുള്ള കാർഷിക ഉല്പന്നങ്ങൾ ന്യായവിലയ്ക്ക് ഉപഭോക്താവിന് ലഭ്യമാക്കുക.
3. ഗുണനിലവാരമുള്ള പച്ചക്കറികൾ ലഭ്യമാക്കുന്നതിലൂടെ ഭക്ഷ്യ, പോഷക, ആരോഗ്യ സുരക്ഷ ഉറപ്പ് വരുത്തുന്നു.
4. കയറ്റുമതി ലക്ഷ്യമിട്ട് കട്ട്ഫ്ളവർ, കട്ട് ഫോളിയേജ് എന്നിവയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുക.
5. കർഷകന്റെ സാമ്പത്തിക നിലവാരവും ജീവിത നിലവാരവും മെച്ചപ്പെടുത്തുക.
6. കുറഞ്ഞ തൊഴിലുപയോഗിച്ച് കൊണ്ട് കൃഷി സാധ്യമാക്കുക.

(സി) പ്രസ്തുത പദ്ധതിയുമായി സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ, സംസ്ഥാന കൃഷി വകുപ്പ്, കേരള കാർഷിക സർവ്വകലാശാല തുടങ്ങിയവരാണ് സഹകരിക്കുന്നത്.

(ഡി) ഉണ്ട്. ഹൈടെക് കൃഷി പദ്ധതിയിലൂടെ പ്രധാനമായും സലാഡ് വെള്ളരി, വള്ളിപ്പയർ, തക്കാളി, കാപ്സിക്കം തുടങ്ങിയ പച്ചക്കറികളും ജെർബറ, കാർണേഷൻ, റോസ്, അലങ്കാര ഇലച്ചെടികൾ തുടങ്ങിയ പുഷ്പവിളകളുമാണ് പോളീഹൗസുകളിൽ കൃഷി ചെയ്യുവരുന്നത്. ഒരു വിളയിൽ നിന്നും 3 മുതൽ 10 മടങ്ങ് വരെ അധിക വരുമാനം ലഭിക്കുന്നു. നിലവിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പോളീഹൗസുകളിൽ ചതുരശ്രമീറ്ററിന് ശരാശരി 10.25 കിലോഗ്രാം വിളവ് ലഭിക്കുന്നതായി കാണുന്നു. ഇത് തുറസ്സായ സ്ഥലത്തെ ഉല്പാദനത്തേക്കാളും പല മടങ്ങ് കൂടുതലാണ്.

LIBRARY ARCHIVES Kerala Legislative Assembly